# അറിഞ്ഞില്ലേ, ഞങ്ങൾ പിരിഞ്ഞു



മാരി ടവർ

ലണ്ടൻ: അതെ, ഞങ്ങൾ അടിച്ചുപിരിഞ്ഞു. ഇനി ഒരുബന്ധവും ഇല്ല-പ്രശസ്ത ഫുട്ബാൾ താരം നെയ്മറുടെ മുൻ കാമുകി ബ്രൂണ മാർക്വീസിന്റേതാണ് ഈ വെളിപ്പെടുത്തൽ. ലോകം ബഹുമാനിക്കുന്ന ആളാണെങ്കിലും അദ്ദേഹത്തോടൊപ്പം കഴിയുക ബുദ്ധിമുട്ടുള്ള കാര്യമാണ്. ഇഷ്ടക്കേട് പ്രകടിപ്പിച്ചത് അദ്ദേഹമാണ്. ഇഷ്ടമല്ലെങ്കിൽ പിന്നെ കടിച്ചുതൂങ്ങുന്നതെന്തിന്?-ബ്രൂണ ചോദിക്കുന്നു. പക്ഷേ, പിരിഞ്ഞതിനുപിന്നിലെ ശരിക്കുള്ള കാരണം വെളിപ്പെടുത്താൻ ബ്രൂണ തയ്യാറായില്ല. ബ്രസീലിയൻ നടിയായ ബ്രൂണ 2012ലാണ് നെയ്മറുമായി അടുപ്പം തുടങ്ങിയത്. കാമുകനുമായുള്ള ബന്ധം പരമാനന്ദം നിറഞ്ഞതാണെന്നാണ് അടുത്തകാലംവരെ പറഞ്ഞിരുന്നത്.

ഇവർ അടിച്ചുപിരിഞ്ഞുവെന്ന വാർത്ത നേരത്തേ പുറത്തുവന്നെങ്കിലും രണ്ടുപേരും ഇക്കാര്യം സ്ഥിരീകരിച്ചിരുന്നില്ല. ചോദിച്ചവരോടൊന്നും വ്യക്തമായ ഉത്തരവും പറഞ്ഞില്ല. നെയ്മറിന്റെ പുതിയ കാമുകി ആരാണെന്ന് കണ്ടുപിടിക്കാൻ പാപ്പരാസികൾ ഉൾപ്പെടെയുള്ളവർ കിണഞ്ഞുശ്രമിക്കുന്നതിനിടെ മോഡലായ മാരി ടവറിനൊപ്പമുള്ള അദ്ദേഹത്തിന്റെ ചിത്രം പുറത്തുവന്നു. ഇരുപതുകാരിയായ മാരി ഇൻസ്റ്റാഗ്രാമിലെ സൂപ്പർ താരമാണ്. 192,000 പേരാണ് ഫോളവേഴ്സ്. നീന്തൽ വസ്ത്രങ്ങൾ ധരിച്ചുനിൽക്കുന്ന ചിത്രങ്ങളാണ് പോസ്റ്റുചെയ്തിരിക്കുന്നതിൽ അധികവും.

നെയ്മറിനെപ്പോലെ മാരിയും ശരീരത്തിന്റെ പലഭാഗങ്ങളിലും ടാറ്റു ചെയ്തിട്ടുണ്ടെന്നാണ് ഫോളവേഴ്സിന്റെ പുതിയ കണ്ടുപിടിത്തം. മാരി പോസ്റ്റുചെയ്ത ചിത്രങ്ങൾ നിരീക്ഷിച്ചാണ് കണ്ടുപിടിത്തം നടത്തിയത്. മാരിയോട് നെയ്മറിന്റെ ആരാധകർക്ക് വലിയ മതിപ്പില്ലെന്നതാണ് സത്യം. താരത്തിന്റെ സെലക്ഷൻ മോശമായി എന്നാണ് അവർ പറയുന്നത്.



*നെയ്മറും ബ്രൂണയും*

## വെടിയേറ്റിട്ടും കൂസലില്ല വിവാഹിതയായി

ന്യൂഡൽഹി: വിവാഹച്ചടങ്ങുകൾ നടക്കുന്നതിനിടെ വധുവിനു നേർക്ക് അപരിചിതൻ വെടിയുതിർത്തു. കാലിന് പരിക്കേറ്റ യുവതി പ്രാഥമിക ചികിത്സ നേടിയതിന് ശേഷം തിരിച്ചെത്തി വിവാഹിതയായി. ഡൽഹിയിലെ ശഖർപൂരിൽ കഴിഞ്ഞദിവസമായിരുന്നു സംഭവം.

വരനൊപ്പം വേദിയിലെത്തിയപ്പോഴാണ് ആൾക്കൂട്ടത്തിനിടയിൽ നിൽക്കുകയായിരുന്ന ഒരാൾ വെടിവച്ചത്. ഇതോടെ മറ്റുള്ളവർ ചിതറിയോടി. ഈ തക്കത്തിന് അക്രമിയും സ്ഥലം വിട്ടു. പരിക്കേറ്റ വധുവിനെ സമീപത്തുണ്ടായിരുന്നവർ തൊട്ടടുത്തുള്ള ആശുപത്രിയിലെത്തിച്ചു.

പരിക്ക് സാരമുള്ളതല്ലെന്ന് വ്യക്തമായതോടെ പ്രാഥമിക ചികിത്സയ്ക്കു ശേഷം മണ്ഡപത്തിൽ മടങ്ങിയെത്തി വിവാഹിതയാവുകയായിരുന്നു.

അക്രമി ആരാണെന്ന് തിരിച്ചറിഞ്ഞിട്ടില്ല. കാമറാദൃശ്യങ്ങളുടെ സഹായത്തോടെ ഇയാളെ കണ്ടെത്താനുള്ള ശ്രമത്തിലാണ് പൊലീസ്.

# വൈറലാക്കാൻ നോക്കി കിട്ടിയത് എട്ടിന്റെ പണി

വാഷിംഗ്ടൺ: സോഷ്യൽ മീഡിയയിൽ വൈറലാകാൻ യുവതലമുറ എന്തുംചെയ്യും. അങ്ങനെചെയ്ത് കുരുക്കിൽ പെടുന്നവർ നിരവധിയാണ്. അമേരിക്കൻ സ്വദേശിയായ നിക്കോളേ നയ്ദേവ് എന്ന യുവാവിനാണ് ഏറ്റവുമൊടുവിൽ ഇങ്ങനെ പണികിട്ടിയത്.

ക്രൂയിസ്കപ്പലിന്റെ പതിനൊന്നാം നിലയിൽനിന്നുള്ള ചാട്ടത്തിന്റെ വീഡിയോ റെക്കോഡ് ചെയ്ത് പുറത്തുവിട്ടതാണ് പ്രശ്നമായത്. യുവാവിനും വീഡിയോ പിടിക്കാൻ കൂടെ നിന്ന സുഹൃത്തുക്കൾക്കും കടലിൽ യാത്ര ചെയ്യുന്നതിന് ആജീവനാന്ത വിലക്കേർപ്പെടുത്തിയിരിക്കുകയാണ്.

ബഹാമാസ് തീരത്തുവച്ചാണ് റോയൽ കരീബിയൻ ക്രൂയിസ് കപ്പലിന്റെ പതിനൊന്നാം നിലയിൽ നിന്ന് നിക്കോളേ കടലിലേയ്ക്ക് ചാടിയത്. ഇൻസ്റ്റാഗ്രാമിൽ വൈറലാകാൻ വേണ്ടിയായിരുന്നു യുവാവിന്റെ സാഹസികത. വീഡിയോ പുറത്തുവന്നതോടെ നിക്കോളേയെയും സുഹൃത്തുക്കളെയും കപ്പൽ അധികൃതർ തീരത്തെത്തിച്ചു. തുടർന്നാണ് ആജീവനാന്ത വിലക്കേർപ്പെടുത്തിയത്.



കരഞ്ഞുകാലുപിടിച്ചെങ്കിലും വിലക്ക് പിൻവലിക്കാൻ തയ്യാറായില്ല.

സുഹൃത്തുക്കളെ രസിപ്പിക്കാൻ വേണ്ടിയാണ് മദ്യലഹരിയിൽ കടലിലേക്ക് ചാടിയതെന്നായിരുന്നു നിക്കോളേയുടെ പ്രതികരണം. പ്രതീക്ഷിച്ചപോലെ വീഡിയോ വൈറലായെങ്കിലും രൂക്ഷമായ പ്രതികരണങ്ങളാണ് വീഡിയോയ്ക്ക് ലഭിക്കുന്നത്. ചെയ്തത് മണ്ടത്തരമായിപ്പോയെന്ന പ്രതികരണമാണ് കൂടുതലും.

ഉയരമുള്ള സ്ഥലങ്ങളിൽ നിന്ന് നിക്കോളേ ഇതിന് മുമ്പ് പലതവണ ചാടിയിട്ടുണ്ടെന്നും ഇതിന്റെ വീഡിയോകൾ സോഷ്യൽമീഡിയയിൽ വൈറലായിട്ടുണ്ടെന്നും സുഹൃത്തുക്കൾ പറയുന്നു.

*കപ്പലിനുമുകളിൽ നിന്ന് ചാടാനൊരുങ്ങുന്ന നിക്കോളേ*

## സെൽഫി പ്രേമമാ... ഭക്ഷണം പോലും തരില്ല

ഭോപ്പാൽ: അമിതമായി സ്മാർട്ട്ഫോൺ ഉപയോഗിക്കുന്ന ഭാര്യയിൽനിന്ന് വിവാഹമോചനം ആവശ്യപ്പെട്ട് യുവാവ് കോടതിയെ സമീപിച്ചു. ഭാര്യയ്ക്ക് തനിക്കൊപ്പം ചെലവാക്കാൻ സമയമില്ലെന്നും ഉണർന്നിരിക്കുമ്പോഴെല്ലാം സ്മാർട്ട് ഫോണുപയോഗിച്ച് സെൽഫിയെടുക്കലാണ് പണിയെന്നുമാണ് യുവാവിന്റെ പരാതി. ഇങ്ങനെയുള്ള ഒരാളെ ഭാര്യയായി കരുതുന്നതിൽ അർത്ഥമില്ലെന്നും വിവാഹമോചനം വേണമെന്നുമായിരുന്നു യുവാവിന്റെ ആവശ്യം. മദ്ധ്യപ്രദേശ് സ്വദേശിയാണ് പരാതിക്കാരൻ.

എന്നാൽ തനിക്ക് സ്മാർട്ട് ഫോണില്ലെന്നും കയ്യിലുള്ളത് സാധാരണ ഫോണാണെന്നുമാണ് ഭാര്യ കോടതിയിൽ പറഞ്ഞത്. വീട്ടുകാരുമായി പോലും സംസാരിക്കാൻ ഭർത്താവ് അനുവദിക്കാറില്ലെന്നും തടവുപുള്ളിയോടെന്നവണ്ണമാണ് പെരുമാറുന്നതെന്നും യുവതി കോടതിയെ അറിയിച്ചു.

ഇത് പച്ചക്കള്ളമാണെന്നും വിവാഹം കഴിഞ്ഞതുമുതൽ ഭാര്യ ഇരുപത്തിനാല് മണിക്കൂറും ഫോണിൽ തന്നെയാണെന്നാണ് യുവാവ് പറയുന്നത്. സെൽഫി ആസക്തിയാണ് ഭാര്യയ്ക്കെന്നും ഇയാൾ ആരോപിക്കുന്നു. ഫോണിൽ സമയം ചെലവിടുമ്പോൾ തനിക്ക് ഭക്ഷണം നൽകാൻ പോലും മറക്കുന്നുവെന്നും യുവാവ് പറഞ്ഞു. ഇരുവരെയും തിരികെ നല്ലൊരു ദാമ്പത്യത്തിനായി പ്രാപ്തരാക്കുന്നതിനു വേണ്ടി കൗൺസിലിംഗ് നൽകാൻ കോടതി ഉത്തരവിട്ടു.

കഴിഞ്ഞ വർഷം ഏപ്രിലിൽ അമിതമായി ഫോൺ ഉപയോഗിച്ചതിനെച്ചൊല്ലിയുള്ള വഴക്കു കാരണം ഗുരുഗ്രാം സ്വദേശി ഭാര്യയെ കൊലപ്പെടുത്തിയിരുന്നു.

# ഡ്യൂപ്ലിക്കേറ്റാവാൻ മുടക്കിയത് മൂന്നരക്കോടി



*കിംകർദിഷിയാൻ*

ബ്രസീലിയ: ഇപ്പോൾ വയസ് ഇരുപത്താറായി. മുപ്പത്തഞ്ചാകുംമുമ്പ് അമേരിക്കൻ നടിയായ കിം കർദിഷിയാനെപ്പോലാകണം. ബ്രസീലിയൻ മോഡലായ ജെന്നിഫർ പാംലോണയുടെ ഒരേ ഒരു ആഗ്രഹമാണിത്. അതിനായുള്ള കഠിന പരിശ്രമത്തിലാണ് അവരിപ്പോൾ. വർഷങ്ങളായുള്ള പരിശ്രമത്തിന്റെ ഫലമായി കിമ്മിന്റെ വിദൂര ഛായവന്നിട്ടുണ്ട്. പക്ഷേ, അതുകൊണ്ട് തൃപ്തിയാകാൻ ജെന്നിഫർ ഒരുക്കമല്ല. മൂന്നരക്കോടിരൂപയിലേറെയാണ് ഡ്യൂപ്ലിക്കേറ്റ് കിമ്മാവാൻ ഇതുവരെ ചെലവാക്കിയത്.

നിരവധി സൗന്ദര്യവർദ്ധക ശസ്ത്രക്രിയകൾക്ക് വിധേയയായാണ് ഇപ്പോഴത്തെ രൂപത്തിലായത്. ഒരാഴ്ചയ്ക്കുള്ളിൽ ഒമ്പതു ശസ്ത്രക്രിയകൾക്ക് വരെ വിധേയയായിട്ടുണ്ട്.

ചുണ്ട്, മൂക്ക്, മാറിടങ്ങൾ, നിതംബം, വയറ് തുടങ്ങിയിടങ്ങളിലാണ് കൂടുതൽ ശസ്ത്രക്രിയകൾ നടത്തിയത്. ശസ്ത്രക്രിയക്ക് വിധേയാവുക എന്നതാണ് ഇപ്പോഴത്തെ ഹോബി.

മോഡലിംഗിൽ നിന്ന് കിട്ടുന്ന വരുമാനത്തിൽ ഉണ്ണാനും ഉടുക്കാനുമുള്ളത് എടുത്തശേഷം ബാക്കിയെല്ലാം ഡോക്ടർമാർക്ക് കൊടുക്കുകയാണ്.

കിമ്മിനോടുള്ള ആരാധന ചെറുപ്പം മുതൽ തുടങ്ങിയതാണ്. അന്ന് കിം ഇത്രയും പോപ്പുലറല്ല. പതിനേഴാം വയസിൽ മാറിടങ്ങളിലാണ് ആദ്യശസ്ത്രക്രിയ നടത്തിയത്. പിന്നങ്ങോട്ട് ശസ്ത്രക്രിയകളുടെ പൂരമായിരുന്നു.

ഇതിനൊപ്പം വിലകൂടിയ ക്രീമുകളും മരുന്നുകളും ഉപയോഗിച്ചു. പലരും പലതും പറയുന്നുണ്ടെങ്കിലും ചികിത്സകളിൽ താൻ തൃപ്തയാണെന്നാണ് ജെന്നിഫർ പറയുന്നത്. എന്നാൽ ഇനിയും ശസ്ത്രക്രിയകൾക്ക് വിധേയയാവുന്നത് പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്നാണ് ഡോക്ടർമാരുടെ മുന്നറിയിപ്പ്.



ജെന്നിഫർ